ഹിതപരിശോധനയിൽ തൊഴിലാളികളുടെ മനഃസാക്ഷി ആർക്കൊപ്പം



# 5

## യുണൈറ്റഡ് ഡെമോക്രാറ്റിക്
## ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ട്
(UDEEF)

# ശമ്പള കരാറുകളിൽ
# ഇടതുയൂണിയനുകൾ കാട്ടിയ
# ചതി

**സുഹൃത്തേ,**

വൈദ്യുതി ബോർഡിൽ ശമ്പള പരിഷ്ക്കരണം നടത്തുന്നത് ഉഭയകക്ഷി കരാറിലൂടെയാണ്. വിവിധ ആനുകൂല്യങ്ങൾ, വർക്ക് നോം തുടങ്ങിയ കാര്യങ്ങൾ ബോർഡ് മാനേജ്മെന്റ് യൂണിയനുകളുമായി ചർച്ച നടത്തി കരാർ ഒപ്പിടുന്നു. എന്നാൽ ഗവൺമെന്റിൽ മറിച്ചാണ്. അവിടെ കമ്മീഷനെ വയ്ക്കുന്നു. കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്നു. അത് ഗവൺമെന്റ് അംഗീകരിക്കുന്നതോടെ ശമ്പള പരിഷ്ക്കരണമായി.

KSEB ജീവനക്കാർ സർക്കാർ - പൊതുമേഖല ജീവനക്കാർ എന്നതിനുപരി ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെയും ഫാക്ടറീസ് ആക്ടിന്റെയും പരിധിയിൽ വരുന്നവരുമാണ്. KSEB യിലെ യൂണിയനുകൾ ട്രേഡ് യൂണിയൻ ആക്ട് 1926 അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ട് ശമ്പള കരാറിലും വർക്ക്നോം തീരുമാനിക്കുന്നതിലും തൊഴിലാളി സംഘടനകളുടെ പ്രസക്തി വലുതാണ്. അംഗീകാരമുള്ള സംഘടനകളുമായി കരാറിൽ ഒപ്പുവച്ചാൽ മാത്രമേ അതിന് നിയമ സാധുതയുള്ളു. മറിച്ച്വന്ന ചില വാർത്തകൾ വാസ്തവവിരുദ്ധവും നിലനിൽക്കുന്നതുമല്ല.

ഒരു തൊഴിൽ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്തിട്ടുള്ള (ട്രേഡ് യൂണിയൻ രജിസ്ട്രാർ മുമ്പാകെ) സംഘടനകളുടെ അംഗീകാരം തീരുമാനിക്കുന്ന നടപടിയാണ് റഫറണ്ടം (ഹിത പരിശോധന). നിലവിൽ കേരള ട്രേഡ് യൂണിയൻ Recognition Act 2010 അനുസരിച്ച് ആകെയുള്ള വർക്ക്മെൻ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളുടെ 15% വോട്ട് ലഭിക്കുന്ന സംഘടനകൾക്ക് അംഗീകാരം ലഭിക്കും. ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ട് (UDEEF) ഈ റഫറണ്ടത്തിൽ 5-ാം നമ്പറിൽ മത്സരിക്കുകയാണ്. നിലവിൽ ജീവനക്കാരെ വഞ്ചിക്കുന്നതിൽ ഒന്നാമനായ സംഘടനയുടെ നിലപാട് ഒരു സ്ഥാപനത്തിൽ ഒരു സംഘടന മാത്രമേ പാടുള്ളു എന്നാണ്. നിങ്ങളുടെ വിലയേറിയ വോട്ടുകൾ വിനിയോഗിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ യാഥാർത്ഥ്യ ബോധത്തോടെ വിശകലനം ചെയ്ത് വോട്ട് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

## 1993 ലെ ശമ്പള കരാർ ( ഒപ്പ് വച്ചത് 1995 ൽ)

യശ്ശഃശരീരനായ ജി.കാർത്തികേയൻ വൈദ്യുതി മന്ത്രിയായിരിക്കുമ്പോഴാണ് 1995 ൽ KSEB യിലെ ഏറ്റവും തിളക്കമാർന്ന ശമ്പള കരാർ ഒപ്പ് വച്ചത്. വെറും 45 ദിവസം കൊണ്ട് ചർച്ചകൾ പൂർത്തിയാക്കി എന്നുള്ളത് ചരിത്ര സംഭവമാണ്. INTUC, CITU, AITUC സംഘടനകൾ കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷന്റെ (INTU) ജനറൽ സെക്രട്ടറിയായിരുന്ന ഞങ്ങളുടെ പ്രിയപ്പെട്ട എം.എസ്.റാവുത്തറുടെ നേതൃത്വത്തിൽ ഗവൺമെന്റും ബോർഡുമായി ചർച്ച നടത്തി. INTUC ക്ക് ഭരണത്തിലുണ്ടായിരുന്ന സ്വാധീനം ബോർഡ് ജീവനക്കാർക്കുവേണ്ടി പ്രയോജനപ്പെടുത്താൻ ഈ ശമ്പള പരിഷ്ക്കരണത്തിലൂടെ സാധിച്ചു. യൂണിയനുകൾ ഒറ്റക്കെട്ടായി മിനിമം ബെനിഫിറ്റ് 170 രൂപയാണ് ആവശ്യപ്പെട്ടത്. മന്ത്രി അത് പ്രഖ്യാപിച്ചപ്പോൾ എല്ലാ സംഘടനകളും ഡസ്കിലടിച്ച് അതിനെ സ്വീകരിച്ചു. അതിനുശേഷം തൊഴിലാളികളുടെ പ്രിയപ്പെട്ടവനായിരുന്ന ജി.കെ എന്ന വ്യക്തിത്വം അദ്ദേഹത്തിന്റെ വകയായി 10 രൂപകൂടി മിനിമം ബെനിഫിറ്റിൽ കൂട്ടി 180 രൂപയാക്കിയത് ചരിത്രത്തിന്റെ താളുകളിൽ ഇന്നും മായാതെ നിൽക്കുന്നു. അതാണ് INTUC യുടെ നേതൃത്വത്തിലുള്ള ശമ്പള പരിഷ്ക്കരണം. അതിന്റെ നേട്ടങ്ങളാണ് ജീവനക്കാർക്ക് ഇന്നും ലഭിക്കുന്നത്. വെയിറ്റേജ് കണക്കാക്കിയപ്പോൾ ഒരു ദിവസത്തിനുപോലും 1% എന്ന കണക്കിൽ വർദ്ധനവ് നൽകി. അതെല്ലാം പിന്നീട് വന്ന കരാറുകളിൽ CITU ഉം AITUC യും ചേർന്ന് ഇല്ലാതാക്കി.

## 1998 ലെ ശമ്പള കരാർ ( ഒപ്പ് വച്ചത് 2000 ൽ)

1998 ആഗസ്റ്റിൽ കാലാവധിഅവസാനിച്ച കരാർ അന്ന് ഭരണത്തിലുണ്ടായിരുന്ന ഇടത് സർക്കാരാണ് നടപ്പിലാക്കിയത്. കരാർ 2000 ൽ ഒപ്പ് വച്ചു. മിനിമം ബെനിഫിറ്റ് 20% വേണമെന്നും അല്ല 10 ശതമാനമേ കൊടുക്കുകയുള്ളുവെന്നും അന്നത്തെ അംഗീകൃതൻമാർ തമ്മിൽ തർക്കമുണ്ടായി. 20% ഇല്ലായെങ്കിൽ ഒപ്പിടില്ലായെന്ന് AITUC യൂണിയൻ പറഞ്ഞു. അവസാനം 10% ൽ ഒതുക്കി. 20% - 10% എന്ന "അത്ഭുത" കണ്ടുപിടിത്തം ആ കരാറിലാണ് നടന്നത്. ലോകത്താദ്യമായി 20 - 10 എന്ന് ഇടതൻമാർ തെളിയിച്ചു. അന്നത്തെ വൈദ്യുതി മന്ത്രിയായിരുന്ന ശർമ്മയുടെ വീട്ടിലും ഗസ്റ്റ് ഹൗസിലും ഇടതു സഖാക്കൾ ഓടിനടന്ന് അല്ല, അവരെ ഓടിച്ച് ആ ചതി ഒപ്പ് വയ്പ്പിച്ചു. ആ ഭാഗം അങ്ങനെ പൂർത്തിയാക്കി. ശമ്പള പരിഷ്ക്കരണത്തിലൂടെയുള്ള തൊഴിലാളി വഞ്ചനക്കങ്ങനെ തുടക്കമായി. വെയിറ്റേജിന് കണകാക്കുന്ന സർവീസ് ഒരു ദിവസത്തിനുവരെ 1% വർദ്ധനവ് കാർത്തികേയന്റെ കാലത്ത് നൽകിയിരുന്നുവെങ്കിൽ 0.6% ആക്കി കുറച്ചുവെന്നത് ഇടതൻമാരുടെ മറ്റൊരു ചതി.

1420 കാഷ്യർ, 2260 ലൈൻമാൻമാർ, 1860 സീനിയർ അസിസ്റ്റന്റ്, 1990 ഓവർസിയർ, 1115 സബ് എഞ്ചിനീയർ എന്നീ തസ്തികകൾ ഇല്ലാതാക്കി എന്നത് ഈ കരാറിന്റെ ഇടതൻമാരുടെ മറ്റൊരു നേട്ടം. സെക്ഷൻ ഓഫീസുകളിൽ OA തസ്തിക ഇല്ലാതാക്കി.

## 2003 ലെ ശമ്പള കരാർ (ഒപ്പ് വച്ചത് 2007 ൽ)

2003 ആഗസ്റ്റിൽ കാലാവധി അവസാനിച്ചുവെങ്കിലും 2005 നവംബർ ആയിട്ടും അന്നത്തെ അംഗീകൃത യൂണിയനുകൾ ഡിമാന്റ് നൽകിയില്ല. ബോർഡിൽ ശമ്പള പരിഷ്ക്കരണ ചർച്ചകൾ ആരംഭിക്കുന്നത് അംഗീകൃത യൂണിയനുകൾ ഡിമാന്റ് നൽകുമ്പോഴാണ്. അന്നത്തെ അംഗീകൃത യൂണിയനായ CITU ഡിമാന്റ് നൽകിയത് 2005 ഡിസംബറിലാണ്. സ്റ്റേറ്റ് ഗവൺമെന്റിൽ ശമ്പള പരിഷ്ക്കരണം ആകുന്നതിനുമുമ്പ് ഡിമാന്റ് കൊടുത്താൽ സ്റ്റേറ്റിൽ ശമ്പളം പരിഷ്ക്കരിക്കുമ്പോൾ നമുക്ക് അതിലും കുറഞ്ഞുപോയാൽ ജീവനക്കാർ പഴിചാരില്ലേ എന്നായിരുന്നു സഖാക്കളുടെ വിഷമം. ഏതായാലും 2005 ഡിസംബർ അവസാനം ഡിമാന്റ് നൽകിയെങ്കിലും ചർച്ച നീട്ടിക്കൊണ്ടുപോയി. CITU അവരുടെ ജില്ലാ സംസ്ഥാന സമ്മേളനത്തിന്റെ പേരിൽ ശമ്പള പരിഷ്ക്കരണ ചർച്ചകൾ മനഃപൂർവ്വം നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപനം വരെ നീട്ടിക്കൊണ്ടുപോയി. തെരഞ്ഞെടുപ്പ് ആസന്നമായതിനാലും ചർച്ചകൾ പൂർത്തിയാക്കി കരാർ ഒപ്പിടാൻ വൈകും എന്നതിനാലും 2006 ജനുവരി മുതൽ ഇടക്കാല ആശ്വാസം അനുവദിക്കണമെന്ന കോൺഫെഡറേഷൻ ആവശ്യപ്പെട്ടുവെങ്കിലും AITUC ഇടക്കാലാശ്വാസം വേണ്ടെന്ന് ശഠിച്ചതിനാൽ UDF ഗവൺമെന്റിന് അത് അനുവദിക്കാൻ കഴിയാതെ പോയി. അവസാനം ഇലക്ഷൻ ഡിക്ലയർ ചെയ്തു. ചർച്ചകൾ തീർന്നു. 2006 ൽ ഭരണത്തിൽ വന്ന ഇടതു ഗവൺമെന്റിന് തൊഴിലാളി വഞ്ചന നടത്താൻ സൗകര്യമായി. സ്റ്റേറ്റ് ഗവൺമെന്റിൽ സ്കെയിൽ വന്നതിനുശേഷം ചർച്ച നടത്തുന്നത് കൂടുതൽ ലഭിക്കാനാണെന്ന് പറഞ്ഞവർ KSEB യിലെ വർക്കറുടെ ശമ്പളം ഗവൺമെന്റിലെ LDC യുടെതിനേക്കാൾ താഴെയാക്കി. മിനിമം ബെനിഫിറ്റ് ഇല്ലാതെയുള്ള സ്കെയിലുകൾ ഉണ്ടാക്കി. സ്റ്റാഗ്നേഷൻ കൊണ്ടുവന്നു. ആ സമയത്ത് UPA ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്ക് അന്ന് നിലനിന്നിരുന്ന സ്റ്റാഗ്നേഷൻ എടുത്തു കളഞ്ഞു. ഇവിടെ ചെയ്തതെന്താണ്... കൊടുംചതി... കൊലച്ചതി...

## സ്റ്റാഗ്നേഷൻ

എന്താണ് സ്റ്റാഗ്നേഷൻ? ഒരാൾക്ക് ഒരു സ്കെയിലിൽ ലഭിക്കുന്ന അടിസ്ഥാന ശമ്പളത്തിൻമേൽ ഒരുവർഷം പൂർത്തിയാകുമ്പോൾ ഒരു ഇൻക്രിമെന്റ് ലഭിക്കും.

അങ്ങനെ ഓരോ വർഷവും ലഭിക്കുന്ന ഇൻക്രിമെന്റുകൾ കൂടി ശമ്പള സ്കെയിലിന്റെ അവസാനമെത്തുമ്പോൾ തുടർന്നുള്ള വർഷങ്ങളിൽ അവസാനം ലഭിച്ച ഇൻക്രിമെന്റ് തുടർന്നും ലഭിക്കുമായിരുന്നു. 2007 ൽ ഇടതൻമാർ ഒപ്പിട്ട കരാറിനെ തുടർന്ന് അതുവരെ ലഭിച്ചുകൊണ്ടിരുന്ന ഇൻക്രിമെന്റ് 5 ആക്കി വെട്ടി അരിഞ്ഞു. പ്രമോഷൻ ലഭിക്കാൻ കാല താമസം നേരിടുന്നവർക്ക് വൻ നഷ്ടമുണ്ടാക്കുന്ന ഈ ചതി KSEB യിൽ നടപ്പിലാക്കിയത് ഇടത് ഭരണകാലത്താണ്. ഓവർസിയർമാർ ഇതിന്റെ ഏറ്റവും വലിയ രക്തസാക്ഷികളായി.

## 2008 ലെ ശമ്പള കരാർ ( ഒപ്പ് വച്ചത് 2011 ൽ)

2007 ൽ ചെയ്ത ചതി 2011 ൽ വീണ്ടും ആവർത്തിച്ചു. ജീവനക്കാരുടെ ശമ്പളം വെട്ടിക്കുറച്ചിട്ട് ഒരു സർക്കാരിന്റെ കാലത്ത് 2 കരാർ ഒപ്പുവച്ചുവെന്ന് ഇടതു മുമ്പൻ കാഹളം മുഴക്കുന്നുണ്ട്. ശമ്പള പരിഷ്ക്കരണമെന്നാൽ ശമ്പളം വർദ്ധിപ്പിക്കലാണ്, വെട്ടിക്കുറയ്ക്കുകയല്ല. അവരണ്ടും ശമ്പള പരിഷ്ക്കരണമല്ല. സ്റ്റാഗ്നേഷനിൽ എത്തിനിൽക്കുന്ന ഓവർസിയർമാരെ സംബന്ധിച്ചിടത്തോളം ഈ പരിഷ്ക്കരണം ഇല്ലാതിരുന്നുവെങ്കിൽ ശമ്പളം കുറയില്ലായിരുന്നു. ഇതു വഞ്ചനയല്ലേ. 2005 - 2006 ൽ UDF ഭരണ കാലത്ത് ചർച്ചകൾ നീട്ടിക്കൊണ്ടുപോയതും സമ്മേളനങ്ങളുടെ പേര് പറഞ്ഞ് ചർച്ചയ്ക്ക് ഹാജരാകാതിരുന്നതും ഇടക്കാലാശ്വാസം വേണ്ടെന്ന് ശഠിച്ചതും ഡിമാന്റ് നൽകാതിരുന്നതുമൊക്കെ ശമ്പളം വെട്ടിക്കുറയ്ക്കുന്നതിനുവേണ്ടി ആയിരുന്നല്ലോ എന്നോർക്കുമ്പോൾ ഇടതൻമാരുടെ ചതിയുടെ ഭീകര മുഖം കൂടുതൽ തെളിയുന്നു.

## മറ്റൊരു ചതി സിസ്റ്റം ചെയിഞ്ചിലൂടെ

2009 ൽ 2 അംഗീകൃതൻമാരും അവരുടെ ആഫീസർ യൂണിയൻകാരും ചേർന്ന് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതും ജീവനക്കാരെ കഷ്ടപ്പെടുത്തുന്നതുമായ മോഡൽ സെക്ഷൻ കൊണ്ടുവന്ന് വീണ്ടും ചതിച്ചു. മോഡൽ സെക്ഷൻ തെറ്റായിപ്പോയെന്ന് ഒരുവൻ പറഞ്ഞു തുടങ്ങിയിരിക്കുന്നു. മേലാപ്പീസർ സംഘടനയ്ക്ക് അതേ അഭിപ്രായം. പക്ഷേ വല്ല്യേട്ടൻ അത് സ്വീകരിക്കുന്നില്ല. മോഡൽ സെക്ഷൻ പരിഷ്ക്കാരം അപാകത നിറഞ്ഞതാണെന്ന് കെൽപ്പില്ലാത്ത ഒരുവൻ ഇപ്പോൾ ബോർഡും വച്ച് പറഞ്ഞ് നടക്കുന്നു. താമസിയാതെ വല്ല്യേട്ടനും പതിവ് പോലെ ഞങ്ങൾക്ക് തെറ്റുപറ്റിയെന്ന് ഏറ്റ് പറയും. തെറ്റ് ഏറ്റുപറയും പക്ഷേ വർഷം 10 കഴിയണം. 2 കമ്മ്യൂണിസ്റ്റ് പാർട്ടികളും അവരുടെ സംഘടനകളും കഴിഞ്ഞ കാലങ്ങളിൽ അത് തെളിയിച്ചിട്ടുണ്ട്. സ്വാശ്രയ കോളേജുകളെ എതിർത്തു, പിന്നീട് അവർ തന്നെ അത് തുടങ്ങി. പ്രീഡിഗ്രി ബോർഡ് എതിർത്തു, +2 അവരുടെ സംഭാവന. കംപ്യൂട്ടറിനെ എതിർത്തിരുന്നവർ അതിന്റെ വക്താക്കളായി, എന്തിനധികം പറയുന്നു; നെടുമ്പാശ്ശേരി എയർപോർട്ട് വന്നപ്പോൾ അതിനെ എതിർത്തവർ പിന്നീട് അവിടെ ഡയറക്ടർ ബോർഡ് അംഗങ്ങളായി. ഇതുപോലെ ഒരുകാലത്ത് മോഡൽ സെക്ഷൻ അവർ ചെയ്ത തെറ്റാണെന്ന് അവർ ഏറ്റുപറയും. പക്ഷേ അപ്പോഴേക്കും വർഷം 10 കഴിഞ്ഞിരിക്കും. ഇക്കാര്യത്തിൽ കോൺഫെഡറേഷന്റെ നിലപാട് വ്യക്തമാണ്. ഇടതു വഞ്ചകൻമാരുടെ ഈ സിസ്റ്റം ചെയിഞ്ചിന് ഒരുമാറ്റം. പക്ഷേ ഇതൊരു സിസ്റ്റം ചെയിഞ്ചാണ്. ഇതിനൊരു മാറ്റം വരണമെങ്കിൽ INTUC നേതൃത്വം കൊടുക്കുന്ന UDEEF ന് ശക്തമായ അംഗീകാരം ലഭിക്കണം.

**വഞ്ചനയിൽ എന്നുമവർ ഒന്നാമത്. വിഡ്ഢികളാവാൻ ഇനി ഞങ്ങളില്ല.**
**ഞങ്ങളുടെ വോട്ട് യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ട് (UDEEF) ന്**

**ക്രമനമ്പർ 5 ന് വോട്ട് നൽകൂ... അംഗീകരിക്കൂ...**

യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ട് ( യു.ഡി.ഇ.ഇ.എഫ്)